600
17/11/15

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിട നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (കൈ) നം.100 /2014/പജപവവിവ. തിരുവനന്തപുരം, തീയതി 27/12/2014

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15.11.2014 ലെ എഡ്യു.സി1- 26141/14 നമ്പർ പ്രൊപ്പോസൽ.

2. 06.12.2014 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലുള്ള ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലവിൽ വടക്കാഞ്ചേരി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ഹയർ സെക്കന്ററി ബ്ലോക്കിലാണ് പ്രവർത്തിച്ചു വരുന്നതെന്നും പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളിനായി തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവ്വെ നം. 688/1, 688/2 ൽ പ്പെട്ട 6 ഏക്കർ 84 ¼ സെന്റ് ഭൂമി 17.07.2014 ലെ സ.ഉ (എം.എസ്) നം. 304/14/റവന്യൂ പ്രകാരം വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയും, കെട്ടിട നിർമ്മാണത്തിനായി PWD ലഭ്യമാക്കിയ DSR 2013 പ്രകാരമുള്ള 590 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു.

06.12.2014 ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന്റെ കിഴിലുള്ള ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിനായി കെട്ടിട നിർമ്മാണത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 590 ലക്ഷം രൂപയുടെ (അഞ്ഞൂറ്റി തൊണ്ണൂറ് ലക്ഷം രൂപ) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. യഥാർത്ഥ ആവശ്യത്തിനുള്ള ഫണ്ട് മാത്രമേ റിലീസ് ചെയ്യാൻ പാടുള്ളൂ.
2. ഫണ്ട് റിലീസ് ചെയ്ത ബാങ്കിൽ സൂക്ഷിക്കാൻ പാടില്ല.
3. പദ്ധതി നടപ്പിലാക്കുമ്പോൾ ധനകാര്യ വകുപ്പ് നിഷ്കർഷിക്കുന്ന ടെണ്ടർ/ഇ- ടെണ്ടർ തുടങ്ങിയ നടപടിക്ര മങ്ങൾപാലിച്ചിരിക്കേണ്ടതാണ്.

I

മേൽ ഇനത്തിലുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 4225-01-800-89 (P) Works and Building എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ആഷാ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ),(ഇ&ആർസെക്ടർ)
കേരള,തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
ധനകാര്യ വകുപ്പ്(103898/WW3/14/Fin dated 10.12.2014)
✓ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ-വിഭാഗം, ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Salini K.J
സെക്ഷൻ ഓഫീസർ.